**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 675** **11-06-2024 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിലെ നാദാപുരം, തൂണേരി, എടച്ചേരി ഗ്രാമപഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) | നാദാപുരം നിയോജക മണ്ഡലത്തിൽ പ്രസരണ വിഭാഗത്തിന്റെ കീഴിൽ 110 കെവി നാദാപുരം സബ്സ്റ്റേഷനിൽ 2.61 കോടി രൂപ ചെലവിൽ മൂന്നാമത് ഒരു 110/11 കെവി ട്രാൻസ്ഫോർമർ സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിനുള്ള പ്രാരംഭ നടപടിക്രമങ്ങൾ ആരംഭിച്ചു.<br><br>നാദാപുരം മണ്ഡലത്തിലെ നാദാപുരം, തൂണേരി, എടച്ചേരി ഗ്രാമപഞ്ചായത്തുകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നാദാപുരം സെക്ഷനു കീഴിൽ 110 kV നാദാപുരം സബ്സ്റ്റേഷനിൽ നിന്ന് കുമ്മക്കോട് വരെ പുതിയ 2.2 കിലോമീറ്റർ 11 കെ.വി ഫീഡർ വലിക്കുന്ന പ്രവൃത്തി, ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതുൾപ്പെടെ ഏകദേശം 75 ലക്ഷം രൂപയുടെ പ്രവൃത്തികൾ, തൂണേരി സെക്ഷനിലേക്ക് 3.9 കിലോമീറ്റർ പുതിയ 11 കെ.വി ഫീഡർ വലിക്കുന്നതും ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതുമുൾപ്പെടെ ഏകദേശം 151 ലക്ഷം രൂപയുടെ പ്രവൃത്തികൾ, നിലവിലുള്ള 11 കെവി ടൗൺ ഫീഡർ റീ റൂട്ട് ചെയ്യുന്നതിനും ഫീഡറിന്റെ പ്രാരംഭ ഭാഗത്ത് തടസ്സങ്ങൾ കുറയ്ക്കുന്നതിന് 0.55 കിലോമീറ്റർ ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതുമുൾപ്പെടെ ഏകദേശം 18 ലക്ഷം രൂപയുടെ പ്രവൃത്തികൾ തുടങ്ങിയവ കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു പദ്ധതിയായ ദ്യുതി – 2 ൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി അധിക തുകയായ 2.5 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ഡി.ബി./ ഇ.എസ്.ഡി.-എൻ.ഡി.പി.എം./8/ന്യൂ പ്രൊപ്പോസൽ/2024-25 എന്ന ഫയലിൽ | (ബി) | പ്രസ്തുത ഫയൽ അടിസ്ഥാനമാക്കി KSEBL നാദാപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർ സമർപ്പിച്ച കത്തിന്മേൽ അധിക തുക |

| | | | |
|---|---|---|---|
| | നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | | വകയിരുത്തുന്നതിനുള്ള നടപടികൾ ബോർഡ് തലത്തിൽ പുരോഗമിച്ചുവരുന്നു |
| (സി) | പ്രസ്തുത വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പ്രസ്തുത വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് മേൽ പ്രവൃത്തിക്കായി അധിക തുക വകയിരുത്തുന്നതിനുള്ള നടപടികൾ ബോർഡ് തലത്തിൽ പുരോഗമിച്ചുവരുന്നു. തുക ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ